

സത്യവിശ്വാസത്തിന്റെ സാഫല്യം തേടുന്നവർ അല്ലാഹുവിനോടും മനുഷ്യരോടുമുള്ള ഉത്തരവാദിത്തങ്ങൾ പാഴാക്കുകയില്ല. സ്രഷ്ടാവിനെയും സൃഷ്ടിയെയും വഞ്ചിക്കുകയുമില്ല. സ്രഷ്ടാവിനോടും സൃഷ്ടികളോടുമുള്ള ഉത്തരവാദിത്തങ്ങൾ നിർവഹിക്കാനും കരാറുകൾ പാലിക്കാനും അവർ സദാ ജാഗ്രതയുള്ളവരായിരിക്കും. ഉത്തരവാദിത്തങ്ങളും കരാറുകളും പാലിക്കുക എന്ന വാക്യത്തിന്റെ വിശദീകരണമാണ് വിശുദ്ധ ഖുർആനും നബിചര്യയും ഉൾക്കൊള്ളുന്നത്. ഈ അർഥത്തിലാണ് പ്രവാചകന്റെ സ്വഭാവം ഖുർആനായിരുന്നു എന്ന ആഇശ(റ)യുടെ പ്രസ്താവനയെ മനസ്സിലാക്കേണ്ടത്.

## ഖുർആൻ ബോധനം

› എ.വൈ.ആർ

### സൂറ - 23

# അൽ മുഅ്മിനൂൻ

4. സംസ്കരണാർഥം പ്രവർത്തിക്കുന്നവരാകുന്നു.

وَٱلَّذِينَ هُمۡ لِلزَّكَوٰةِ فَٰعِلُونَ ﴿٤﴾

**4**

സംസ്കരണത്തിന് (സംസ്കരണാർഥം), സകാത്തിനെ = لِلزَّكَوٰةِ  അവർ തന്നെയാകുന്നു = وَٱلَّذِينَ هُمۡ
പ്രവർത്തിക്കുന്നവർ = فَٰعِلُونَ

ഇസ്ലാമിക ശരീഅത്തിലെ സാങ്കേതിക പദങ്ങളിലൊന്നാണ് സകാത്ത്. ഉള്ളവൻ തന്റെ സമ്പത്തിന്റെ നിശ്ചിത വിഹിതം ഇല്ലാത്തവർക്കു വേണ്ടി നിർബന്ധമായി ദാനം ചെയ്യുകയാണ് അതിന്റെ സാങ്കേതികാർഥം. ഖുർആൻ സകാത്തിനെ ഈ സാങ്കേതികാർഥത്തിലല്ലാതെ പൊതുവായ ദാനധർമങ്ങൾ ഉദ്ദേശിച്ചും ഉപയോഗിച്ചിട്ടുണ്ട്. കഴിഞ്ഞ സൂറയിലെ അന്തിമ സൂക്തത്തിൽ സകാത്ത് ഉപയോഗിച്ചിരിക്കുന്നത് അതിന്റെ സാങ്കേതികാർഥത്തിനു പുറമെ ഭാഷാർഥങ്ങൾ കൂടി ഉദ്ദേശിച്ചുകൊണ്ടാണ്. സാമ്പത്തിക സകാത്തുകളെ മാത്രം പരാമർശിക്കുമ്പോൾ സകാത്ത് കൊടുക്കൽ-ايتاء الزكاة-എന്നാണ് ഉപയോഗിക്കാറുള്ളത്. ഈ സൂക്തത്തിൽ പറഞ്ഞിരിക്കുന്നത് لِلزَّكَوٰةِ فَٰعِلُونَ (സകാത്തിനു വേണ്ടി പ്രവർത്തിക്കുന്നവർ) എന്നാണ്. ഭാഷാർഥത്തിൽ വളർച്ചയും സംസ്കരണവും ശുദ്ധീകരണവുമെല്ലാം സകാത്ത് ആകുന്നു. സംസ്കൃതനാവുക എന്ന അർഥത്തിൽ സൂറഃ *അൽഅഅ്ലാ*യിലും *അശ്ശംസി*ലും ഈ വാക്ക് പ്രയോഗിച്ചിട്ടുണ്ട്. قَدۡ أَفۡلَحَ مَن تَزَكَّىٰ ﴿١٤﴾ (സംസ്കരണം കൈക്കൊണ്ടവൻ തീർച്ചയായും വിജയിച്ചിരിക്കുന്നു-87:14), قَدۡ أَفۡلَحَ مَن زَكَّىٰهَا ﴿٩﴾ (ആത്മാവിനെ സംസ്കരിച്ചവൻ തീർച്ചയായും വിജയിച്ചിരിക്കുന്നു-91:9). ഇവിടെ 'സംസ്കരണത്തിനു വേണ്ടി പ്രവർത്തിക്കുന്നവർ' എന്ന വാക്യത്തിന്റെ താൽപര്യം ആത്മീയവും ഭൗതികവും വ്യഷ്ടിഗതവും സമഷ്ടിഗതവും സാമ്പത്തികവും രാഷ്ട്രീയവുമായ എല്ലാ രംഗങ്ങളിലുമുള്ള സംസ്കരണത്തിനു വേണ്ടി താൽപര്യപൂർവം സേവനം ചെയ്തുകൊണ്ടിരിക്കുന്നവരാണ് യഥാർഥ സത്യവിശ്വാസികൾ എന്നാകുന്നു. ■

---

5. നഗ്നതകൾ സൂക്ഷിക്കുന്നവരാകുന്നു.

وَٱلَّذِينَ هُمۡ لِفُرُوجِهِمۡ حَٰفِظُونَ ﴿٥﴾

6. സ്വന്തം ഭാര്യമാരിലും അധീനതയിലുള്ളവരിലുമൊഴിച്ച്. ഇപ്പറഞ്ഞവരുമായി ലൈംഗിക ബന്ധത്തിലേർപ്പെടുന്നവർ ആക്ഷിപ്തരാകുന്നില്ല.

إِلَّا عَلَىٰٓ أَزۡوَٰجِهِمۡ أَوۡ مَا مَلَكَتۡ أَيۡمَٰنُهُمۡ فَإِنَّهُمۡ غَيۡرُ مَلُومِينَ ﴿٦﴾

7. എന്നാൽ വല്ലവരും അതിനപ്പുറം മോഹിച്ചാൽ അവർ അതിക്രമികൾ തന്നെയാകുന്നു.

فَمَنِ ٱبۡتَغَىٰ وَرَآءَ ذَٰلِكَ فَأُوْلَٰٓئِكَ هُمُ ٱلۡعَادُونَ ﴿٧﴾

# ഖുർആൻ ബോധനം

وَٱلَّذِينَ هُمۡ = അവർ തന്നെയാകുന്നു لِفُرُوجِهِمۡ = അവരുടെ ലൈംഗികേന്ദ്രിയങ്ങളെ (നഗ്നതകൾ)

حَـٰفِظُونَ = സൂക്ഷിക്കുന്നവർ إِلَّا عَلَىٰٓ أَزۡوَٰجِهِمۡ = അവരുടെ ഭാര്യമാരുടെ മേൽ ഒഴിച്ച്

أَوۡ مَا مَلَكَتۡ أَيۡمَـٰنُهُمۡ = (അധീനത്തിലുള്ളവരിലും ഒഴിച്ച്) അല്ലെങ്കിൽ അവരുടെ വലം കൈ ഉടമപ്പെടുത്തിയവരുടെ മേലും

فَإِنَّهُمۡ = തീർച്ചയായും അവർ (ഇപ്പറഞ്ഞവരുമായി ലൈംഗിക ബന്ധത്തിലേർപ്പെടുന്നവർ)

غَيۡرُ مَلُومِينَ = ആക്ഷിപ്തര(ാകുന്നില്ല)ല്ലാത്തവരാകുന്നു فَمَنِ ٱبۡتَغَىٰ = എന്നാൽ വല്ലവരും മോഹിച്ചാൽ, തേടിയാൽ

وَرَآءَ ذَٰلِكَ = (ഉള്ളവരെ) അതിനപ്പുറം فَأُوْلَـٰٓئِكَ = അപ്പോൾ അവർ

هُمُ ٱلۡعَادُونَ = അതിക്രമികൾ, അതിരു ലംഘിച്ചവർ തന്നെയാകുന്നു

فَرْج -ന്റെ ബഹുവചനമാണ് فُرُوج. ആശ്വാസം, സൗഖ്യം, ക്ലേശമുക്തി, ലാഘവത്വം എന്നൊക്കെയാണ് فرُج-ന്റെ അർഥം. فَرَج എന്നാകുമ്പോൾ സ്ത്രീയുടെ ലൈംഗികാവയവം എന്നും വിടവ് എന്നും അർഥമുണ്ട്. فُرُوج എന്ന ബഹുവചനത്തിൽ സ്ത്രീയുടെയും പുരുഷന്റെയും ലൈംഗികേന്ദ്രിയങ്ങൾ ഉൾപ്പെടുന്നു. ഈ വാക്യത്തിന് രണ്ട് അർഥമുണ്ട്. നഗ്നത മറയ്ക്കുക യാണ് ഒന്ന്. സദാചാര പ്രതിബദ്ധതയാണ് രണ്ടാമത്തേത്. രണ്ടർഥവും ഇവിടെ ഉദ്ദേശ്യമാകുന്നു. അതായത് ജീവിതത്തെ വിശ്വാസത്തിന് വിധേയമാക്കിയ വിശ്വാസികൾ നിർലജ്ജരായി നഗ്നത കാട്ടി നടക്കുകയില്ല. അവർ മറയ്ക്കേണ്ടതെല്ലാം മറയുന്ന വണ്ണം മാന്യമായി വസ്ത്രധാരണം ചെയ്തിരിക്കും. പാതിവ്രത്യത്തിലും സദാചാരശുദ്ധിയിലും ബദ്ധശ്രദ്ധരായിരിക്കും. വിവാഹത്തിലൂടെ അനുവദനീയരായിത്തീർന്ന ഇണകളുമായോ തങ്ങളുടെ അധീനതയിലുള്ള സ്ത്രീകളുമായോ അല്ലാതെ അവർ ലൈംഗിക ബന്ധത്തിലേർപ്പെടുകയില്ല. സ്വവർഗഭോഗം , മൃഗഭോഗം മുതലായ പ്രകൃതിവിരുദ്ധ ലൈംഗികവൃത്തികളുടെയെല്ലാം നിരോധം ഈ വാക്യം ഉൾക്കൊള്ളുന്നുണ്ട്. ചില പണ്ഡിതന്മാർ മുഷ്ടിമൈഥുനം പോലുള്ള സ്വയംഭോഗവും അതിൽ ഉൾപ്പെടുത്തിയിരിക്കുന്നു. ഇമാം അഹ്മദ് ബിൻ ഹമ്പലിന്റെ വീക്ഷണത്തിൽ സ്വയം ഭോഗം അനുവദനീയമാകുന്നു. തീവ്രമായ ലൈംഗിക വികാരമുണ്ടാകുന്ന സന്ദർഭങ്ങളിൽ അങ്ങനെ ചെയ്തുപോയാൽ പൊറുക്കപ്പെടുമെന്നാശിക്കാമെന്നാണ് ഇമാം അബൂഹനീഫയുടെ നിലപാട്. ഇമാം ശാഫിഈയും ഇമാം മാലികും സ്വയംഭോഗം നിഷിദ്ധമാണന്ന പക്ഷക്കാരാണ്. ازواج ഭാഷാർഥത്തിൽ ഇണകളാണ്. അതിൽ ഭാര്യയും ഭർത്താവും ഉൾപ്പെടുന്നു. ഭർത്താവ് زوج ഉം ഭാര്യ زوجة ഉം ആണ്. ഇതിന്റെ ബഹുവചനമാണ് ازواج.

അടിമയെ സൂചിപ്പിക്കുന്ന ശൈലിയാണ് مَا مَلَكَتْ يَمِينُهُ. അതിൽ സ്ത്രീയും പുരുഷനും ഉൾപ്പെടുമെങ്കിലും ഇവിടെ ഉദ്ദേശിച്ചിട്ടുള്ളത് അടിമ സ്ത്രീകൾ മാത്രമാണ്. ഇസ്‌ലാമിന്റെ ആവിർഭാവ കാലത്ത് അറേബ്യയിൽ അടിമത്ത സമ്പ്രദായം നിലവിലുണ്ടായിരുന്നു. ആളുകൾ അടിമകളെ വിൽക്കുകയും വാങ്ങുകയും ചെയ്തിരുന്നു. വില കൊടുത്തു വാങ്ങുന്നതിനു പുറമെ യുദ്ധത്തിൽ തടവിലാക്കയ്പ്പെടുന്നവരും ജയിച്ച കക്ഷിയുടെ അടിമകളായിട്ടാണ് പരിഗണിക്കപ്പെട്ടിരുന്നത്. അക്കാലത്ത് തടവുകാരെ കാരാഗൃഹത്തിലടക്കുന്ന സമ്പ്രദായമുണ്ടായിരുന്നില്ല. അവരെ ജയിച്ച സൈന്യത്തിലെ ഭടന്മാരുടെ അധീനത്തിൽ വിട്ടു കൊടുക്കുകയായിരുന്നു. അത്തരം തടവുകാരെ ലഭിക്കുന്ന ഭടന്മാർ അവരുടെ ഉടമകളായി പരിഗണിക്കപ്പെട്ടു. യുദ്ധത്തിലൂടെയും അല്ലാതെയും അടിമകളാകുന്ന സ്ത്രീകളുമായി ലൈംഗിക ബന്ധത്തിലേർപ്പെടാൻ ഉടമകൾക്ക് അനുവാദമുണ്ടായിരുന്നു. അടിമസ്ത്രീയിൽ ഉടമക്ക് കുട്ടികളുണ്ടാകുന്നതോടെ ആ സ്ത്രീയും കുട്ടികളും സ്വതന്ത്രരാകും. അടിമത്ത സമ്പ്രദായം ക്ഷയിപ്പിക്കാൻ ഇസ്‌ലാം സ്വീകരിച്ച പല മാർഗങ്ങളിലൊന്നാണിത്. ما مَلَكَتْ يَمِينُهُ എന്നതിൽ പുരുഷ അടിമയും ഉൾപ്പെടുന്നതിനാൽ പുരുഷനായ അടിമയുടെ ഉടമയായ സ്ത്രീക്ക് തന്റെ അടിമയുമായി ലൈംഗിക ബന്ധത്തിൽപ്പെടാൻ അനുവാദമുണ്ടെന്ന് ആദ്യകാലത്ത് ചിലർ ധരിച്ചിരുന്നു. എന്നാൽ വിവാഹിതയായ സ്ത്രീ ഒരു സാഹചര്യത്തിലും ഭർത്താവല്ലാത്ത പുരുഷനുമായി ലൈംഗിക ബന്ധത്തിലേർപ്പെടാൻ പാടില്ല. അവിവാഹിതയായ ഉടമക്ക് തന്റെ അടിമയിൽ താൽപര്യം തോന്നുന്നുവെങ്കിൽ അവൾ അയാളെ സ്വതന്ത്രനാക്കി വിവാഹം ചെയ്യുകയാണ് വേണ്ടത്. അടിമ സ്ത്രീകളുടെ ഉടമകളായ പുരുഷന്മാർക്ക് മാത്രമേ അവരുമായി ലൈംഗിക ബന്ധത്തിലേർപ്പെടാൻ അനുവാദമുള്ളൂ. ഒരാളുടെ അടിമയെ മറ്റൊരാൾ പ്രാപിക്കാൻ പാടില്ല. ഉടമ അവളെ മറ്റൊരാൾക്ക് കാഴ്ചവെക്കാനും പാടില്ല. ആദ്യകാലത്ത് ചിലർ ഇതൊക്കെ അനുവദനീയമാണെന്ന് തെറ്റിദ്ധരിച്ചിരുന്നു. സ്വന്തം അടിമയുമായി ലൈംഗിക ബന്ധത്തിലേർപ്പെടുന്ന ഒരു സ്ത്രീയുടെ കേസ് വന്നപ്പോൾ ഖലീഫ ഉമർ(റ) അവളെ വിചാരണ ചെയ്തു. പുരുഷന്മാർക്കെന്ന പോലെ സ്ത്രീകൾക്ക് അവരുടെ അധീനതയിലുള്ള -مَا مَلَكَتْ اَيْمَانُهُنَّ- പുരുഷന്മാരുമായി ബന്ധപ്പെടാൻ അനുവാദമുണ്ടെന്ന് കരുതിയാണ് താനിത് ചെയ്തതെന്നായിരുന്നു അവളുടെ മറുപടി. ഉമർ(റ) ഈ പ്രശ്നം നേതൃത്വത്തിന്റെ കൂടിയാലോചനക്ക് വിധേയമാക്കിയപ്പോൾ സ്വഹാബികൾ ഒന്നടങ്കം പറഞ്ഞു: تأولت كتاب الله تعالى غير تأويله (അവൾ അത്യുന്നതനായ അല്ലാഹുവിന്റെ വേദപ്രമാണത്തെ തെറ്റായി വ്യാഖ്യാനിച്ചു). ആ സ്ത്രീയുടെ തെറ്റിദ്ധാരണ പരിഗണിച്ച് അദ്ദേഹം അവളെ ശിക്ഷിക്കുകയുണ്ടായില്ല. ഒരിക്കൽ വിവാഹിതയായ ഒരു സ്ത്രീ ഈ കുറ്റം സമ്മതിച്ച് കൊണ്ട് ഖലീഫ ഉമറുബ്നു അബ്ദിൽഅസീസിനെ സമീപിച്ചപ്പോൾ ഉമർ പ്രസ്താവിച്ചു: "നിന്റെ കടുത്ത അജ്ഞതയെ പരിഗണിക്കുന്നില്ലായിരുന്നുവെങ്കിൽ ഞാൻ നിന്നെ എറിഞ്ഞുകൊല്ലുമായിരുന്നു." തന്റെ അടിമസ്ത്രീയെ സ്വന്തം ഭർത്താവിനു കാഴ്ചവെച്ച ഒരു സ്ത്രീയോട് ഇബ്നു ഉമർ പറഞ്ഞു: "നിന

ക്കൊരിക്കലും അതനുവദനീയമല്ല. വേണമെങ്കിൽ നിന ക്കവളെ അയാൾക്ക് വിൽക്കാം. അല്ലെങ്കിൽ അവളുടെ ഉടമ സ്ഥത അയാൾക്ക് ഒഴിഞ്ഞുകൊടുക്കാം.” ലൈംഗികാവ യവങ്ങൾ വായ്പ കൊടുക്കാവതല്ലെന്ന് ഇബ്നു സീരീനും മുഹമ്മദുൽ ഹസനും പ്രസ്താവിച്ചിട്ടുള്ളതായി ഇബ്നു അബീശൈബ ഉദ്ധരിച്ചിരിക്കുന്നു. അടിമത്ത സമ്പ്രദായം ലോകത്തു നിന്ന് നിർമാർജനം ചെയ്യപ്പെട്ട ഇന്നത്തെ സാഹചര്യത്തിൽ ഇവ്വിഷയകമായ നിയമങ്ങളെല്ലാം അപ്രസക്തമാകുന്നു.

നഗ്നതകൾ സൂക്ഷിക്കുക എന്നു പറഞ്ഞതിന് സത്യ വിശ്വാസികൾ ലൈംഗികാസ്വാദനം പാടെ വർജിക്കണ മെന്ന് അർഥമില്ല എന്ന സൂചന കൂടി ഉൾക്കൊള്ളുന്നതാണ് إِلَّا عَلَىٰٓ أَزْوَٰجِهِمْ എന്ന വാക്യം. ലൈംഗിക ബന്ധം അനു വദിക്കപ്പെട്ട സ്ത്രീ പുരുഷന്മാർ തമ്മിൽ അതാവാം. അങ്ങനെ ചെയ്യുന്നതിൽ യാതൊരാക്ഷേപവുമില്ല. ഭക്തി യുടെയും വിശ്വാസത്തിന്റെയും അത്യുന്നതങ്ങളിലെത്തുന്ന പുണ്യാത്മാക്കളും പുരോഹിതന്മാരും സന്യാസിമാരു മൊക്കെ ലൈംഗികതയിൽ നിന്ന് തികച്ചും മുക്തരായിരി ക്കണമെന്നായിരുന്നു പൂർവകാലത്തെ വിശ്വാസം. ഇന്നും ചില മത വിഭാഗങ്ങൾ ഈ വിശ്വാസം പുലർത്തുന്നുണ്ട്. ഈ സങ്കൽപത്തിന്റെ നിഷേധവും കൂടിയാണീ സൂക്തം. إِلَّا عَلَىٰٓ أَزْوَٰجِهِمْ എന്നതിൽ സാധുവായ വിവാഹത്തിലൂടെയ ല്ലാതെ ഇണകളാക്കിയവർ ഉൾപ്പെടുകയില്ല. ആദ്യകാലത്ത് താൽക്കാലിക വിവാഹം എന്നൊരേർപ്പാടുണ്ടായിരുന്നു. യുദ്ധത്തിനു പോകുന്ന ഭടന്മാരും കച്ചവടത്തിനും മറ്റു ദേശാ ടനം ചെയ്യുന്ന പ്രവാസികളും തങ്ങൾ എത്തിച്ചേരുന്ന നാട്ടിലെ സ്ത്രീകളെ ഒരു കാലയളവു നിശ്ചയിച്ച് വിവാഹം ചെയ്തിരുന്നു. നിശ്ചിത കാലം കഴിഞ്ഞാൽ അവർ തമ്മി ലുള്ള ബന്ധം വേർപ്പെടും. متعة النكاح എന്നാണിതിനു പറ ഞ്ഞിരുന്നത്. പ്രവാചകൻ ആദ്യകാലത്ത് ഇത് വിലക്കിയി ല്ലെങ്കിലും അവസാന കാലത്ത് പൂർണമായി വിലക്കുകയു ണ്ടായി. അതിനാൽ മുത്അത്തുന്നിക്കാഹും അതുവഴിയുള്ള ലൈംഗിക വേഴ്ചയും നിഷിദ്ധമാണെന്നാണ് സുന്നീ കർമ ശാസ്ത്രകാരന്മാർ പൊതുവിൽ കരുതുന്നത്. പ്രവാചകന്റെ കാലത്ത് നടന്നിട്ടുള്ള സമ്പ്രദായമെന്ന നിലയിൽ ശീഈ കൾ അതനുവദനീയമായും കരുതുന്നു. അനുവദനീയ ബന്ധ ങ്ങൾക്കപ്പുറത്തു നിന്ന് ലൈംഗിക സുഖം തേടുന്നവർ ധർമ വിരോധികളും അല്ലെങ്കിൽ യഥാർഥ ഈമാനിന്റെ താൽപ ര്യങ്ങൾ ലംഘിച്ച് ജാഹിലിയ്യത്തിൽ പ്രവേശിക്കുന്നവരുമാ കുന്നു എന്നാണ് عادون എന്ന വാക്കിന്റെ ആശയം. ■

---

وَٱلَّذِينَ هُمْ لِأَمَـٰنَـٰتِهِمْ وَعَهْدِهِمْ رَٰعُونَ ﴿٨﴾

**8.** യഥാർഥ വിശ്വാസികൾ ഉത്തരവാദിത്ത ങ്ങളും കരാറുകളും പാലിക്കുന്നവരും.

وَٱلَّذِينَ هُمْ = അവർ തന്നെയാകുന്നു لِأَمَـٰنَـٰتِهِمْ وَعَهْدِهِمْ = അവരുടെ ഉത്തരവാദിത്തങ്ങളും കരാറുകളും
رَٰعُونَ = പാലിക്കുന്നവരും

امانة -ന്റെ ആശയവും ദീനിൽ അതിനുള്ള പ്രാധാന്യവും *ഖുർ ആൻ ബോധനം* സൂറഃ *അൽബഖറ* 283, സൂറഃ *അന്നിസാഅ്* 58 സൂക്തങ്ങൾക്ക് താഴെ വിശദമാക്കിയിരിക്കുന്നു. സാധാ രണ അർഥത്തിനപ്പുറം, കഴിവുകളുടെയും യോഗ്യതകളു ടെയും ഉത്തരവാദിത്തങ്ങളുടെയും കർത്തവ്യങ്ങളുടെയും രൂപത്തിലും, അനുഗ്രഹങ്ങളുടെയും ഔദാര്യങ്ങളുടെയും സമ്പത്തിന്റെയും സന്തതികളുടെയും രൂപത്തിലും അല്ലാഹു നമ്മെ ഏൽപിച്ചിട്ടുള്ള സകലതിനെയും ഉൾക്കൊള്ളുന്ന താണ് ഇവിടെയും അമാനത്ത്. അതോടൊപ്പം മറ്റുള്ളവർ നമ്മെ വിശ്വസിച്ചേൽപിക്കുന്ന വസ്തുക്കളും ദൗത്യങ്ങളും നമ്മുടെ പക്കലുള്ള അമാനത്താകുന്നു. മനുഷ്യൻ ഈ ലോകത്ത് വാമൊഴിയായോ വരമൊഴിയായോ പരസ്പരം ഉണ്ടാക്കുന്ന കരാറുകളും അതിഭൗതിക ലോകത്തുവെച്ച് അല്ലാഹു നമ്മിൽ നിന്ന് വാങ്ങിയ പ്രതിജ്ഞയും അവന്റെ പ്രവാചകന്മാർ മുഖേന ഈ ലോകത്ത് ശരീഅത്തിന്റെ രൂപ ത്തിൽ നാം സ്വീകരിച്ചിട്ടുള്ള കരാറുകളും എല്ലാം ഉൾപ്പെട്ട താണ് عهد. സത്യവിശ്വാസത്തിന്റെ സാഫല്യം തേടുന്നവർ അല്ലാഹുവിനോടും മനുഷ്യരോടുമുള്ള ഉത്തരവാദിത്തങ്ങൾ പാഴാക്കുകയില്ല. സ്രഷ്ടാവിനെയും സൃഷ്ടിയെയും വഞ്ചി ക്കുകയുമില്ല. സ്രഷ്ടാവിനോടും സൃഷ്ടികളോടുമുള്ള ഉത്ത രവാദിത്തങ്ങൾ നിർവഹിക്കാനും കരാറുകൾ പാലിക്കാനും അവർ സദാ ജാഗ്രതയുള്ളവരായിരിക്കും. ഉത്തരവാദിത്ത ങ്ങളും കരാറുകളും പാലിക്കുക എന്ന വാക്യത്തിന്റെ വിശ ദീകരണമാണ് വിശുദ്ധ ഖുർആനും നബിചര്യയും ഉൾക്കൊ ള്ളുന്നത്. ഈ അർഥത്തിലാണ് പ്രവാചകന്റെ സ്വഭാവം ഖുർ ആനായിരുന്നു-كان خلقه القرآن- എന്ന ആഇശ(റ)യുടെ പ്രസ്താവനയെ മനസ്സിലാക്കേണ്ടത്. ദൈവദാസൻ ദൈവ ത്തിൽ നിന്ന് ഏറ്റെടുത്തിട്ടുള്ള ഉത്തരവാദിത്തങ്ങളും കരാ റുകളും പുതുക്കലാണ് യഥാർഥത്തിൽ നമസ്കാരം. ദിനേനെ ചുരുങ്ങിയത് അഞ്ചു നേരമെങ്കിലും സത്യവി ശ്വാസി ദൈവത്തോടുള്ള തന്റെ പ്രതിജ്ഞ ആവർത്തിച്ചു കൊണ്ടിരിക്കുകയും അതിനെ പ്രതിനിധാനം ചെയ്യുന്ന ശരീര ചലനങ്ങൾ നടത്തുകയും ചെയ്തുകൊണ്ടിരിക്കുന്നു. ■

9. നമസ്കാരങ്ങളിൽ നിഷ്ഠയുള്ളവരുമാകുന്നു. وَٱلَّذِينَ هُمْ عَلَىٰ صَلَوَٰتِهِمْ يُحَافِظُونَ ﴿٩﴾

**9**

وَٱلَّذِينَ هُمْ = അവർ തന്നെയാകുന്നു عَلَىٰ صَلَوَٰتِهِمْ = അവരുടെ നമസ്കാരങ്ങളിൽ
يُحَافِظُونَ = നിഷ്ഠ(യുള്ള)പുലർത്തുന്നവരാകുന്നു

നമസ്കാര പരാമർശം കൊണ്ട് ആരംഭിച്ച, വിശ്വാസിയുടെ സ്വഭാവ വർണന നമസ്കാര പരാമർശത്തിൽ തന്നെ അവസാനിപ്പിക്കുകയാണിവിടെ. ആദ്യം പറഞ്ഞത് നമസ്കാരത്തിന്റെ ആത്മാവായ ഭയഭക്തിയെ خشوع -നെക്കുറിച്ചായിരുന്നു. ഒടുവിൽ പറയുന്നത് നമസ്കാരത്തിന്റെ നടപടിക്രമത്തിന്റെ നിഷ്ഠയെക്കുറിച്ചാണ്. ഒരു കാര്യം തികവോടെയും മികവോടെയും വിഘ്നാതങ്ങൾ ഏൽക്കാതെയും കൃത്യമായി പാലിച്ചുവരുന്നതിന് مُحافظة എന്നു പറയുന്നു. അങ്ങനെ പാലിക്കുന്നവനാണ് حافظ. മേൽനോട്ടക്കാരൻ, സംരക്ഷകൻ, സദാ ഓർമയിൽ സൂക്ഷിക്കുന്നവൻ എന്നും حافظ-ന് അർഥമുണ്ട്. ഖുർആൻ മുഴുവൻ ഹൃദിസ്ഥമാക്കിയവരെ حافظ القرآن എന്നു പറയുന്നു. നമസ്കാരം അതിന്റെ എല്ലാ ചിട്ടവട്ടങ്ങളും പൂർണമായി പാലിച്ചുകൊണ്ട് കൃത്യസമയത്ത് നിർവഹിച്ചുകൊണ്ടിരിക്കുകയാണ് محافظة الصلاة. ഭയഭക്തിയാകുന്ന ജീവനോടൊപ്പം ബാഹ്യമായ അനുഷ്ഠാനങ്ങളും അതിന്റെ കൃത്യമായ ചിട്ടവട്ടങ്ങളോടെ പാലിക്കപ്പെടുമ്പോഴേ നമസ്കാരം എന്ന സ്വർഗീയ വൃക്ഷത്തിൽ ഫലം വിളയൂ. അശ്രദ്ധയും അലംഭാവവും അതിനെ ഫലശൂന്യമാക്കും എന്നല്ല ചിലപ്പോൾ അത് തീരെ നശിച്ചുപോവാനും ഇടയാകും. മനുഷ്യന്റെ നടപടിയിൽ ചെകുത്താന് ഏറ്റം അസഹ്യമായതാണ് കുറ്റമറ്റ നമസ്കാരം. അതുകൊണ്ട് നമസ്കാരത്തിൽ കടന്നുകയറി അതിനെ വികൃതമാക്കാൻ ചെകുത്താൻ സദാ ഒരുങ്ങി നിൽക്കുന്നു. നമസ്കാരത്തിന്റെ നിയമങ്ങളിലും നിബന്ധനകളിലും അനുഷ്ഠാനമുറകളിലുമുള്ള സൂക്ഷ്മതയും ജാഗ്രതയും ചെകുത്താനെ പ്രതിരോധിക്കാൻ അനിവാര്യമാകുന്നു. ഈ സൂക്ഷ്മതയും ജാഗ്രതയും മനസ്സിൽ ഭക്തി വികാരം വർധിപ്പിക്കുന്നു. ജാഗ്രത്തായ ദൈവഭക്തി ചെകുത്താനെ സംബന്ധിച്ചേടത്തോളം അപ്രാപ്യമായ കോട്ടയാകുന്നു. വിശ്വാസി തന്റെ മനസ്സിനെ ചെകുത്താന്ന് അപ്രാപ്യമായ കോട്ടയാക്കുകയാണ് നമസ്കാരത്തിലൂടെ. നമസ്കാരത്തിന്റെ രൂപത്തിലും ക്രമത്തിലും ഉണ്ടാകുന്ന അപൂർണതകളും അപാകതകളും ചെകുത്താന് നുഴഞ്ഞുകയറാനുള്ള പഴുതുകളാണ്. നമസ്കാരം തീരെ വർജിക്കുന്നവരുടെ കാര്യം പിന്നെ പറയേണ്ടതില്ലല്ലോ. ചെകുത്താനും പടയും അവരുടെ മനസ്സിൽ യാതൊരെതിരുമില്ലാതെ അധിനിവേശം നടത്തുന്നു. ദീനിന്റെ എല്ലാ നന്മകളും പോഷിക്കുന്നത് നമസ്കാരത്തിലൂടെയാണ്. നമസ്കാരമില്ലാത്തവരിൽ മറ്റു ദീനീ സ്വഭാവ ചര്യകൾ വളരുകയില്ല. അതുകൊണ്ടാണ് ഇസ്‌ലാമിനെയും കുഫ്‌റിനെയും വേർതിരിക്കുന്ന ലക്ഷണമാണ് നമസ്കാരം എന്ന് പറയുന്നത്. ■

**Matrimonial**

പ്രസ്ഥാന പ്രവർത്തകൻ (30/5'8"). VHSC Diploma (EE). ബിസിനസ്. അനുയോജ്യമായ ആലോചനകൾ ക്ഷണിക്കുന്നു.
**9400881943**
rohit_t_h@yahoo.co.in

മുസ്‌ലിം യവുതി (24/156cm). BAMS. വെളുത്ത നിറം. കോട്ടയം ജില്ല. ദീനീബോധമുള്ള പ്രഫഷണൽ യോഗ്യതയും ജോലിയുമുള്ള യുവാക്കളുടെ രക്ഷിതാക്കളിൽനിന്ന് ആലോചനകൾ ക്ഷണിക്കുന്നു.
**9447708547**

ഭാര്യ മരണപ്പെട്ട 80 വയസ്സുള്ള പ്രസ്ഥാന പ്രവർത്തകൻ. സാമാന്യ ജീവിത സൗകര്യങ്ങൾ. ഇരു കൂട്ടർക്കും പരസ്പരം അവലംബമാകുമെന്ന അഭിപ്രായമുള്ള 50വയസ്സിനു മുകളിലുള്ള പ്രസ്ഥാന കുടുംബത്തിലുള്ളവർ ബന്ധപ്പെടുക.
**P.B. No. 2015, Prabodhanam Weekly**
**I.S.T Building, Silver Hills, Calicut-12**